വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ ഐ.എ.എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് –ഐ.സി.ഡി.എസ്- സക്ഷം അങ്കണവാടി നവീകരണം 2023-24- 1710 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയത്- അഞ്ചാം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഈ കാര്യാലയത്തിലെ 29.08.2024 ലെ ഇതേ നമ്പർ ഉത്തരവ്.

2. ഈ കാര്യാലയത്തിലെ 22.10.2024, 13.12.2024, 13.01.2025, 29.01.2025, 10.02.2025 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

3. കാസർഗോഡ് പ്രോഗ്രാം ഓഫീസറുടെ 08.04.2025 ലെ ICDS/KSD/6438/2024 നമ്പർ കത്ത്.

**<u>ഉത്തരവ് നം. DWCD/1038/2023-ICDS A7 തീയതി</u> 07.05.2025**

2023-24 സാമ്പത്തിക വർഷം സക്ഷം അങ്കണവാടി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1710 അങ്കണവാടികൾ നവീകരിക്കുന്നതിന് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുമതി നൽകിയും, ഫണ്ട് അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. നവീകരണാനുമതി നൽകിയ അങ്കണവാടികളിൽ സെന്റർ മാറ്റം ആവശ്യപ്പെട്ടിട്ടുള്ള അങ്കണവാടികൾക്ക് പരാമർശം (2) പ്രകാരം സെന്റർ മാറ്റവും അനുവദിച്ചിട്ടുണ്ട്.

പരാമർശം (1) പ്രകാരം നവീകരണാനുമതി നൽകിയിരുന്ന കാസർഗോഡ് ജില്ലയിലെ പരപ്പ ഐസിഡിഎസ് പ്രോജക്ടിലെ 91-ാം നമ്പർ അങ്കണവാടി കെട്ടിടം അൺഫിറ്റാണെന്ന് AE സക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടി അങ്കണവാടിയെ പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം കാസർഗോഡ് അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലെ 92-ാം നമ്പർ അങ്കണവാടിക്ക് നവീകരണാനുമതി നൽകുന്നതിനായി പരാമർശം (3) പ്രകാരം കാസർഗോഡ് പ്രോഗ്രാം ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (1) പ്രകാരം നവീകരണാനുമതി നൽകിയിരുന്ന കാസർഗോഡ് ജില്ലയിലെ പരപ്പ ഐസിഡിഎസ് പ്രോജക്ടിലെ 91-ാം നമ്പർ അങ്കണവാടിയുടെ നവീകരണാനുമതി റദ്ദ് ചെയ്തും പകരമായി കാസർഗോഡ് അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലെ 92-ാം നമ്പർ അങ്കണവാടിക്ക് നവീകരണാനുമതി നൽകിയും, ടി അങ്കണവാടിയുടെ നവീകരണത്തിനായി 1,00,000/- ( ഒരു ലക്ഷം) രൂപ അനുവദിച്ചും ഉത്തരവാകുന്നു.

ടി അങ്കണവാടിയുടെ നവീകരണത്തിനായി അനുവദിക്കുന്ന 1,00,000/- (ഒരു ലക്ഷം) രൂപ Upgradation of Anganwadi Centre സ്കീമിനായി ( Scheme code-KL249) ICICI ബാങ്കിൽ ആരംഭിച്ചിട്ടുള്ള 195301000789 ( IFSC-ICIC0001953) എന്ന SNA അക്കൗണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതും, കാസർഗോഡ് ജില്ലാ വനിത ശിശുവികസന ഓഫീസറുടെ സബ്സിഡിയറി അക്കൗണ്ടിലേക്ക് Component code [1.2] Upgradation of AWC to Saksham Anganwadi [KL]

അനുസരിച്ച് അനുവദിക്കേണ്ടതും, ജില്ലാ വനിത ശിശുവികസന ഓഫീസർ കാസർഗോഡ് അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ child അക്കൗണ്ടിലേക്ക് ഫണ്ട് അനുവദിക്കേണ്ടതുമാണ്.

കാസർഗോഡ് അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ അനുവദിച്ചിരിക്കുന്ന തുക വിനിയോഗിച്ച് പ്രവർത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും, ബില്ലുകൾ മാറി നൽകേണ്ടതുമാണ്. പ്രവർത്തികൾ പൂർത്തീകരിച്ച ശേഷം പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർ കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ അവലോകനം നടത്തേണ്ടതും പുരോഗതി റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ് /-)

**വനിത ശിശുവികസന ഡയറക്ടർ**

ജില്ലാ വനിത ശിശുവികസന ഓഫീസർ,
കാസർഗോഡ്

പകർപ്പ്:-

1.സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ (തുക അനുവദിക്കുന്നതിനായി)

2.പ്രോഗ്രാം ഓഫീസർ കാസർഗോഡ്

3. ശിശുവികസന ഓഫീസർ പരപ്പ, കാസർഗോഡ് അഡീഷണൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്